(സി) ചേർത്തല താലൂക്കിൽ ഇക്കൊല്ലം നിശ്ചിതഫാറത്തിൽ അപേക്ഷിച്ചിട്ടുള്ള 61 പേർക്കു സബ്സിഡി അനുവദിച്ചിട്ടുണ്ട്. അവ ഉടൻതന്നെ വിതരണം ചെയ്യുന്നതുമാകുന്നു. അനുവദിച്ചിട്ടുള്ളവരുടെ പേരുവിവരം † മേശമേൽ വച്ചിരിക്കുന്നു.

റാഷനലൈസേഷൻ കമ്മിറ്റി റിപ്പോർട്ട്.

* 1019. [51] ശ്രീ. എ. സി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാഷനലൈസേഷൻ കമ്മിറ്റി റിപ്പോർട്ട് തയ്യാറായി കഴിഞ്ഞോ;

(ബി) അതിന്റെ അടിസ്ഥാനത്തിൽ എത്ര ആശുപത്രികൾ, ഡിസ്പെൻസറികൾ തിരുവിതാംകൂർ–കൊച്ചിയിൽ അടുത്തകൊല്ലം ആരംഭിക്കും;

(സി) തൊടുപുഴ താലൂക്കിൽ കരിംകുന്നത്തു ഒരു ഡിസ്പെൻസറി തുടങ്ങുന്നതിനെ സംബന്ധിച്ചു് നിവേദനം ലഭിച്ചിട്ടില്ലേ;

(ഡി) അതിന്മേൽ എന്തുനടപടി എടുത്തു?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം.):

(എ) കഴിഞ്ഞു.

(ബി) തീരുമാനിച്ചിട്ടില്ല.

(സി) ഉണ്ടു്.

(ഡി) കമ്മിറ്റിയുടെ ശുപാർശകളിന്മേൽ തീരുമാനമെടുത്തശേഷം ഇതിനെപ്പറ്റി ആലോചിക്കാം എന്നു തീരുമാനിച്ചു.

വനം സർവ്വെ.

* 1020. [52] ശ്രീ. എ. സി. ചാക്കോ: താഴെ കാണുന്ന ചോദ്യത്തിനു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ രാജ്യത്തിന്റെ വിസ്തീർണ്ണത്തിൽ എത്ര ശതമാനം വനമായി സൂക്ഷിക്കപ്പെട്ടുവരുന്നു;

(ബി) വർദ്ധിച്ചുവരുന്ന ഈ രാജ്യത്തെ, ഭൂമിരഹിതരായ ജനങ്ങൾക്കു കുറെക്കൂടി ഭൂമി വിട്ടുകൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) അടുത്തകാലത്തു വനത്തെസംബന്ധിച്ചു വല്ല സർവ്വെയും നടത്തിയിട്ടുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഉദ്ദേശം 33 ശതമാനം.

(ബി) ഭക്ഷ്യോൽപ്പാദനം പ്രോത്സാഹിപ്പിക്കുവാനായി വിട്ടുകൊടുത്തിട്ടുള്ള സ്ഥലങ്ങളിൽനിന്നും വന സംരക്ഷണത്തിനു അത്യന്താപേക്ഷിതമല്ലാത്ത സ്ഥലങ്ങൾ വിട്ടുകൊടുക്കുവാൻ ഉദ്ദേശമുണ്ടു്.

(സി) വനത്തിൽനിന്നും ഒഴിവാക്കപ്പെടേണ്ട സ്ഥലങ്ങളിൽ ചില ഭാഗങ്ങൾ സർവ്വെ ചെയ്തിട്ടുണ്ടു്.

* Please See Appendix XXV

LIBRARY ARCHIVES Kerala Legislative Assembly